Newspaper : Veekshanam
Date : 28.08.2026

# മത്സ്യബന്ധന സഹകരണം; സീഷെൽസ് പ്രതിനിധി സംഘം കൊച്ചിയിൽ

കൊച്ചി: മത്സ്യബന്ധന മേഖലയിലെ സഹകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സീഷെൽസ് മത്സ്യബന്ധനം, കൃഷി, ബ്ലൂ ഇക്കോണമി മന്ത്രി വാലസ് കോസ്ഗ്രോയുടെ നേതൃത്വത്തിലുള്ള ഏഴംഗ പ്രതിനിധിസംഘം ഐസിഎആർസിഫ്റ്റ്, സിഎംഎഫ്ആർഐ എന്നിവിടങ്ങൾ സന്ദർശിച്ചു. മത്സ്യബന്ധന സാങ്കേതികവിദ്യ, മത്സ്യസംസ്കരണം, ഗുണനിലവാര ഉറപ്പാക്കൽ, വിളവെടുപ്പാനന്തര പരിപാലനം തുടങ്ങിയ വിഷയങ്ങളിൽ സംഘം സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാനുമായും മുതിർന്ന ശാസ്ത്രജ്ഞരുമായും ചർച്ച നടത്തി. കാലാവസ്ഥാ വ്യതിയാന പഠനം, ഫിഷ് സ്റ്റോക്ക് അസസ്മെന്റ്, കടൽപ്പായലിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങൾ, അലങ്കാരമത്സ്യ പ്രജനനം, ട്യൂണ മത്സ്യബന്ധനം, മാരികൾച്ചർ തുടങ്ങിയ മേഖലകളിലെ സിഎംഎഫ്ആർഐയുടെ ഗവേഷണങ്ങളും സാങ്കേതികവിദ്യകളും സംഘം വിലയിരുത്തി.

ഇന്ത്യയുമായി കാർഷിക അനുബന്ധ മേഖലകളിൽ സഹകരിക്കുന്നതിനായി കേന്ദ്ര സർക്കാരുമായും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലുമായും ധാരണാപത്രം ഒപ്പുവച്ചതിന്റെ ഭാഗമായാണ് സന്ദർശനമെന്ന് മന്ത്രി പറഞ്ഞു.

മത്സ്യവിഭവങ്ങളിൽനിന്ന് കൂടുതൽ മൂല്യം സൃഷ്ടിക്കുന്നതിനും ട്യൂണ ഉൾപ്പെടെയുള്ള മത്സ്യങ്ങളുടെ വിളവെടുപ്പാനന്തര പരിപാലനം മെച്ചപ്പെടുത്തുന്നതിനും സഹകരണം ആവശ്യമാണെന്ന് മന്ത്രി വാലസ് കോസ്ഗ്രോ പറഞ്ഞു.

മത്സ്യബന്ധന യാനങ്ങളുടെ രൂപകൽപന, കടൽപ്പായൽ അധിഷ്ഠിത സാങ്കേതികവിദ്യ, മത്സ്യസംസ്കരണം, മാലിന്യങ്ങളുടെ മൂല്യവർധിത ഉപയോഗം, പരിശീലനം തുടങ്ങിയ മേഖലകളിൽ സീഷെൽസ് പ്രതിനിധികൾ താൽപര്യം പ്രകടിപ്പിച്ചു.

സന്ദർശനം ഗവേഷണം, സാങ്കേതികവിദ്യ, പരിശീലനം, ശേഷിവികസനം എന്നിവയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണത്തിന് പുതിയ സാധ്യതകൾ തുറക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് ഗവേഷണ പുരോഗതികളും സാങ്കേതിക നേട്ടങ്ങളും വിശദീകരിച്ചു.

ഡിജിറ്റൽ വിവരശേഖരണ കേന്ദ്രവും ആധുനിക സ്റ്റോക്ക് അസസ്മെന്റ് രീതികളും സംഘം വിലയിരുത്തി.



*സിഫ്റ്റിൽ സന്ദർശനത്തിനെത്തിയ സീഷെൽസ് പ്രതിനിധി സംഘം*